# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1167 03.12.2018 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ കണക്കുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പ്രളയം മൂലം കേരളത്തിൽ തകർന്ന റോഡുകളുടെ കണക്കുകൾ വ്യക്തമാക്കാമോ; ഇത് മൂലം എത്ര നഷ്ടമാണുണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ; | എ) നിരത്ത് വിഭാഗത്തിന് കീഴിൽ പ്രളയം മൂലം **20145** കി.മീ റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി **955.15** കോടി രൂപയും റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി **6591** കോടി രൂപയും ഡിസൈൻ റോഡിന്റെ നിർമ്മാണത്തിന് **5975** കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിന് കീഴിൽ പ്രളയവുമായി ബന്ധപ്പെട്ട് **580.51** കി.മീ ദൈർഘ്യമുള്ള റോഡുകൾക്ക് നാശ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പുനർ നിർമ്മാണത്തിനായി **911.75** കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.<br>KSTP യുടെ കീഴിൽ ഏകദേശം 13.10 കോടിയുടെ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.<br>KRFB യുടെ കീഴിൽ ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. |
| ബി) പുനരുദ്ധാരണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | ബി) **G.O(Rt) No. 1309/2018/PWD dtd 21.08.2018** പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിന് **1000** കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തി **106** പ്രവൃത്തികൾക്ക് **239.69** കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് റോഡ് |

അറ്റകുറ്റപ്പണികൾക്കായി **482** കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ വാർഷിക പദ്ധതി (Annual Plan) 2018-19 ൽ ഉൾപ്പെടുത്തി **206.85** കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19ൽ ഉൾപ്പെടുത്തി **74.50** കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള **630.40** കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20 ന്റെ കേരളത്തിന്റെ വിഹിതമായി **178** കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും **178** കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ